# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## ദി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS) ജനറൽ കൗൺസിലിലേക്ക് നിയമസഭാ സാമാജികരിൽ നിന്നും രണ്ട് അംഗങ്ങളുടെ തിരഞ്ഞെടുപ്പ്

[2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS) ആക്റ്റിന്റെ 12-ാം വകുപ്പിന്റെ VII-ാം ഉപവകുപ്പും 14-ാം വകുപ്പും അനുസരിച്ച്]

### വിജ്ഞാപനം

നമ്പർ: KLS/3194/2026-Legin2 തിരുവനന്തപുരം, 2026 ജൂൺ 12

2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS) ആക്റ്റിലെ (2005-ലെ 27-ാം ആക്റ്റ്) 12 (vii), 14 എന്നീ വകുപ്പുകളും NUALS റഗുലേഷനുകളിലെ അദ്ധ്യായം XIV ഉം അനുസരിച്ച് നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ ജനറൽ കൗൺസിലിലേക്ക് കേരള നിയമസഭാ സാമാജികരിൽ നിന്നും മൂന്ന് അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതുണ്ട്. എന്നാൽ പതിനഞ്ചാം കേരള നിയമസഭയുടെ കാലഘട്ടത്തിൽ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)ന്റെ ജനറൽ കൗൺസിലിലേക്ക് നിയമസഭാ സാമാജികരിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടിരുന്ന (07.08.2023 മുതൽ പ്രാബല്യത്തിൽ നാലുവർഷക്കാലയളവിലേക്ക്) മൂന്ന് അംഗങ്ങളിൽ, ശ്രീ. യു.എ. ലത്തീഫ്, ശ്രീ. വി. ആർ. സുനിൽകുമാർ എന്നിവർ പതിനാറാം കേരള നിയമസഭ നിലവിൽ വന്നതോടെ സാമാജികരല്ലാതായി മാറിയിരിക്കുന്ന സാഹചര്യത്തിൽ, ജനറൽ കൗൺസിലിന്റെ ശേഷിക്കുന്ന കാലയളവിലേക്ക് സാമാജികരിൽ നിന്നുള്ള രണ്ട് ഒഴിവുവന്നിരിക്കുന്നതിനാൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി രണ്ട് സാമാജികരെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ അറിയിക്കുന്നു.

1. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)-ന്റെ ജനറൽ കൗൺസിലിലേക്ക് രണ്ട് അംഗങ്ങളെ ആനുപാതിക പ്രാതിനിധ്യതത്വമനുസരിച്ച് കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന തിരഞ്ഞെടുക്കുന്നതിനായി കേരള നിയമസഭാ സാമാജികരിൽ നിന്നും തിരഞ്ഞെടുപ്പ് നടത്തുന്നതാണ്.

2. ഒരു സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2026 ജൂൺ മാസം 27-ാം തീയതി ശനിയാഴ്ചയ്ക്കുപ്പുറമാകാത്ത ഏത് തീയതിയിലും (പൊതു അവധി ദിവസങ്ങളൊഴികെ) പകൽ 11 മണിക്കും 4 മണിക്കും ഇടയിൽ തിരുവനന്തപുരത്ത്

നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് നാമനിർദ്ദേശപത്രികകൾ വരണാധികാരിയെ ഏൽപ്പിക്കാവുന്നതാണ്.

3. നാമനിർദ്ദേശത്തിനുള്ള ഫാറങ്ങൾ മുൻപറഞ്ഞ സ്ഥലത്തും സമയത്തും ലഭിക്കുന്നതാണ്.

4. തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് 2026 ജൂൺ മാസം 29-ാം തീയതി തിങ്കളാഴ്ച പകൽ 11 മണിക്ക് നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുന്നതും സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റ് അന്ന് വൈകുന്നേരം 4 മണിക്ക് നിയമസഭാ മന്ദിരത്തിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

5. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസുകൾ സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2026 ജൂലൈ മാസം 03-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് മുമ്പായി വരണാധികാരിക്ക് അദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽ വച്ച് ഏൽപ്പിക്കാവുന്നതാണ്.

6. സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് 2026 ജൂലൈ മാസം 04-ാം തീയതി ശനിയാഴ്ച നിയമസഭാ മന്ദിരത്തിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

7. വോട്ടെടുപ്പ് ആവശ്യമായി വരുന്നപക്ഷം 2026 ജൂലൈ മാസം 06-ാം തീയതി തിങ്കളാഴ്ച ഓരോ സമ്മതിദായകനും ബാലറ്റ് പേപ്പർ അയച്ചുകൊടുക്കുന്നതാണ്.

8. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ തിരികെ ലഭിക്കേണ്ട അവസാന തീയതിയും സമയവും 2026 ജൂലൈ മാസം 21-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4.00 മണി ആയിരിക്കുന്നതാണ്.

9. വോട്ട് രേഖപ്പെടുത്തിയ ബാലറ്റുപേപ്പറുകളുടെ സൂക്ഷ്മപരിശോധനയും വോട്ടെണ്ണലും 2026 ജൂലൈ മാസം 22-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽവച്ച് നടത്തുന്നതാണ്.

**ഷാജി സി. ബേബി,**
വരണാധികാരി &
സെക്രട്ടറി-ഇൻ-ചാർജ്ജ്,
കേരള നിയമസഭ.